# കോൺഗ്രസിന്റെ യജമാനസ്നേഹം

**2010 ഡിസംബർ**




കോൺഗ്രസ് നേതൃത്വത്തിലുള്ള യു പി എ സർക്കാർ എത്ര ഉദാരമായ സഹായമാണ് ഇന്ത്യയിലെ കുത്തക മുതലാളിമാർക്ക്, കോർപ്പറേറ്റ് മേഖലയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നത്! ഓരോ കേന്ദ്ര ബജറ്റും പാർലമെന്റിൽ അവതരിപ്പിക്കുമ്പോൾ ഈ സഹായം മുന്വർഷത്തിലേതിനേക്കാള് ഗണ്യമായി വർധിപ്പിക്കുവാന് കേന്ദ്രത്തിലെ ധനകാര്യ മന്ത്രിമാർ മറക്കാറില്ല; ഏതാണ്ട് ഒരു യജമാനസ്നേഹം പോലെ.

2008–09 കേന്ദ്ര ബജറ്റിൽ കോർപ്പറേറ്റുകള്ക്ക് നികുതി ഇളവുവഴി നൽകിയ സഹായം കേവലം 4,14,100 കോടി രൂപ മാത്രമായിരുന്നു. ഈ ചെറിയ' തുക കൊണ്ട് പാവം ഇന്ത്യന് കുത്തക മുതലാളിമാർ എന്തു ചെയ്യുമെന്നുള്ള വ്യാകുലതയായിരുന്നു കേന്ദ്ര സർക്കാരിന്. അവരെ വേണ്ടത്ര സഹായിക്കാൻ കഴിഞ്ഞില്ലല്ലോ എന്ന ദുഃഖം പ്രകടിപ്പിക്കുന്നതുപോലെ.

2010–11 ലെ കേന്ദ്ര ബജറ്റിൽ മുഴുവനായില്ലെങ്കിലും അൽപം കൂടി കോർപ്പറേറ്റ് മേഖലയെ സഹായിക്കാന് കഴിഞ്ഞതിന്റെ സംതൃപ്തിയുണ്ട് കേന്ദ്ര സർക്കാരിന്. പോര, എങ്കിലും ഇത്തവണ അവർക്ക് നൽകിയ നികുതി ഇളവ് സ്വൽപം കൂടി വർധിപ്പിച്ചു. അതിപ്പോൾ 5,02,299 കോടി രൂപ.

ഇനി പരോക്ഷമായി മറ്റെന്തെല്ലാം! നികുതി വെട്ടിപ്പുകൾ, നികുതി കുടിശികകൾ, വിദേശ വ്യാപാരത്തിലെ അണ്ടർ ഇൻവോയിസുകളും ഓവർ ഇന്ഞവോയിസുകളും പിന്നെ കൊത്തു ലാഭവും അവരെഴുതി എടുക്കുന്ന ഭാരിച്ച ശമ്പളങ്ങളും എല്ലാം കൊണ്ട് ആ പാവങ്ങൾ കഷ്ടിച്ചു കഴിഞ്ഞുകൂടുന്നു.

സർക്കാർ കണക്കനുസരിച്ച് ഇന്ത്യയിൽ 24 കോടി പാവപ്പെട്ടവരുണ്ട്. ഈയിടെ അന്തരിച്ച കോൺഗ്രസ് എം പിയും സാമ്പത്തിക വിദഗ്ധനുമായിരുന്ന അർജുൻ സെൻ ഗുപ്തയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ പാവപ്പെട്ടവർ 80 കോടിയിലധികമുണ്ട്. അതു മറന്നുകളയുക!

സർക്കാരിന്റെ കണക്കനുസരിച്ചുള്ള ബി പി എൽ കുടുംബങ്ങൾക്ക് കേരളത്തിൽ എൽ ഡി എഫ് സർക്കാർ ചെയ്യുന്നതു പോലെ രണ്ട് രൂപയ്ക്ക് ഒരു കിലോ അരി എന്ന പദ്ധതി 24 കോടി ജനങ്ങൾക്കുവേണ്ടി നടപ്പിലാക്കിയാൽ കേന്ദ്രത്തിന് വരുന്ന അധികച്ചെലവ് കേവലം 1,47,500 കോടി രൂപ മാത്രം. (മറ്റൊരു വിധത്തിൽ പറഞ്ഞാൽ കേന്ദ്രമന്ത്രിയായിരുന്ന എ രാജയുടെ നേതൃത്വത്തിൽ നടന്ന 2–ജി സ്പെക്ട്രം അഴിമതിയിൽ

നികുതിദായകരുടെ നഷ്ടപ്പെട്ട 1,76,000 കോടി രൂപയേക്കാൾ ചെറിയൊരു തുകയാണിത്). പക്ഷേ, അത്തരം ഒരു സ്കീം നടപ്പിലാക്കി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കോൺഗ്രസ് തയ്യാറല്ല. നോക്കണം! പാവങ്ങളോട് എത്ര അലിവാണ് കോൺഗ്രസിനെന്ന്!

ഓരോ വർഷവും ഭക്ഷ്യ സബ്സിഡി വെട്ടിച്ചുരുക്കുകയാണെങ്കിലും 2010–11 കേന്ദ്ര ബജറ്റിൽ ഭക്ഷ്യ സബ്സിഡിക്കായി നീക്കിവച്ചത് 55,578 കോടി രൂപയാണ്. ഈ തുകയോടൊപ്പം 91,922 കോടി രൂപ കൂടി മുടക്കാൻ തയ്യാറായാൽ മേൽ സൂചിപ്പിച്ച പദ്ധതി നടപ്പിലാക്കി ഒരു വലിയ പരിധിവരെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ കഴിയും.

വസ്തുതകൾ ഇതൊക്കെയാണെങ്കിലും കേന്ദ്ര സർക്കാരും പ്ലാനിംഗ് കമ്മിഷനും തീരുമാനിച്ചത് ഭക്ഷ്യ സുരക്ഷയ്ക്കുവേണ്ടി മുടക്കാൻ ഇത്രയും വലിയൊരു തുക സർക്കാരിന്റെ കയ്യിൽ ഇല്ലെന്നാണ്.

ഗോതമ്പും അരിയും ഉൾപ്പെടെ ഭക്ഷ്യ ധാന്യങ്ങൾ ഇറക്കുമതി ചെയ്യുകയാണ് കേന്ദ്രം. എന്തിന്? കഷ്ടിച്ച് നമ്മുടെ ജനങ്ങൾക്ക് ആഹാരം ഉറപ്പാക്കാൻ.

എന്നാൽ ഈ സന്ദർഭത്തിലാണ് മറ്റൊരു വസ്തുത പുറത്തുവന്നത്. അതവസാനം സുപ്രിം കോടതിയിൽ കേസാവുകയും ചെയ്തു. ദശലക്ഷക്കണക്കിന് ടൺ ഭക്ഷ്യ ധാന്യങ്ങൾ വേണ്ടത്ര ഗോഡൗൺ സൗകര്യമില്ലാതെ കെട്ടിക്കിടന്നു കേടായിപ്പോകുന്നു. അവ എലികൾക്കും പക്ഷികൾക്കും പുഴുക്കൾക്കും ആഹാരമാകുന്നു. പാവപ്പെട്ട മനുഷ്യനിവിടെ ഭക്ഷണമില്ലാതെ വലയുന്നു, തെണ്ടുന്നു, മരിക്കുന്നു. ഈ പ്രശ്നം സർക്കാരിന്റെ മുന്നിൽ വന്നപ്പോൾ പതിവു മറുപടി. എന്തുചെയ്യാം. പണമില്ല, ഗോഡൗൺ സൗകര്യം സൃഷ്ടിക്കുവാൻ എത്ര പണം വേണം? പരിമിതമായെങ്കിലും ഈ സൗകര്യം സൃഷ്ടിക്കുവാൻ? വേണ്ടത് തുക: 20,000 കോടി രൂപ. അതിനു പണമില്ല. പാവം കുത്തക മുതലാളിമാർ കഞ്ഞികുടിച്ചു കഴിയട്ടെ. അതുകൊണ്ട് അവർക്ക് നൽകിയ ചെറിയ നികുതിയിളവ് 5,02,299 കോടി രൂപ മാത്രം. അവരുടെ കാര്യം നടക്കട്ടെ. അതാണ് കോൺഗ്രസ് നയം.

ലോകത്ത് ഏറ്റവും കൂടുതൽ പഴങ്ങളും പച്ചക്കറികളും ഉൽപാദിപ്പിക്കുന്ന രാജ്യവും ഇന്ത്യതന്നെ. എന്നാൽ അവ സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ് സൗകര്യമില്ലാത്തതു കൊണ്ട് ഏതാണ്ട് പകുതിയിലേറെയും ചീഞ്ഞുനശിക്കുന്നു. മന്മോഹൻ സിംഗ് പ്രധാനമന്ത്രി മാത്രമല്ല; നല്ല സാമ്പത്തിക വിദഗ്ധനും കൂടിയാണ്. തന്റെ എല്ലാ നയപ്രഖ്യാപന പ്രസംഗങ്ങളിലും അദ്ദേഹം ആവർത്തിച്ചു പറയും; എട്ട് ശതമാനത്തിൽ നിന്ന് ഒമ്പത് ശതമാനത്തിലേയ്ക്കും അവിടെ നിന്ന് പത്ത് ശതമാനത്തിലേയ്ക്കും കുതിക്കുന്ന നമ്മുടെ ജി ഡി പി വെറും സോപ്പു കുമിള പോലെ പൊട്ടിപ്പോകാതിരിക്കണമെങ്കിൽ ജി ഡി പിയുടെ 4 ശതമാനമെങ്കിലും സംഭാവന ചെയ്യാൻ കഴിയുംവിധം കാർഷിക മേഖലയെ ശക്തമാക്കണം. എത്ര മനോഹരമായ സ്വപ്നം.

സ്വാതന്ത്ര്യം ലഭിച്ച് 64 വർഷമാകുന്നെങ്കിലും ഇന്നും ഇന്ത്യയിലെ കൃഷി ഭൂമിയിൽ കേവലം 40 ശതമാനത്തിൽ താഴെ മാത്രമാണ് ജലസേചന സൗകര്യം ലഭ്യമായ ഭൂമി. ലോകത്തേറ്റവും കൂടുതൽ കൃഷിഭൂമിയുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. നമ്മളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മേക്കാൾ വളരെക്കുറവു കൃഷിഭൂമിയുള്ള ചൈന നമ്മുടേതിലും മൂന്ന് ഇരട്ടിയിലധികം ഭക്ഷ്യധാന്യങ്ങൾ ഉൽപാദിപ്പിക്കുന്നു, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കിയിരിക്കുന്നു.

ഇന്ത്യയുടെ ആസൂത്രണം എത്ര വികലമാണ്. ജനങ്ങളുടെ ആവശ്യങ്ങളിൽ നിന്ന് എത്ര അകന്നു നിൽക്കുന്നു എന്ന് മനസ്സിലാക്കുവാൻ കാർഷിക മേഖലയോടുള്ള അവഗണനയും അകൽച്ചയും മാത്രം നോക്കിയാൽ മതി. ഇവിടെ ഉൽപാദിപ്പിക്കുന്ന മികച്ച കാർഷിക വിഭവങ്ങൾ സൂക്ഷിച്ചു വയ്ക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാതെ നശിപ്പിക്കുന്നു. എന്നിട്ട് നാം ഇറക്കുമതിയെ ആശ്രയിച്ച് ഭക്ഷ്യസുരക്ഷ സ്വപ്നം കാണുന്നു.

ഇന്നത്തെ വേഗതയിലാണ് ജലസേചന സൗകര്യം വർധിപ്പിക്കുന്നതെങ്കിൽ ഇനിയും ഒരു നൂറ്റാണ്ടു കാത്തിരുന്നാലും അതു സംഭവിക്കുകയില്ല. തകരുന്ന കാർഷിക സമ്പദ്വ്യവസ്ഥ സൃഷ്ടിക്കുന്ന കടക്കെണിയിൽപ്പെട്ട കർഷകന്റെ ആത്മഹത്യകൾ ഇന്ത്യയിൽ വീണ്ടും വീണ്ടും വർധിക്കുകയാണ്, കാർഷിക കടാശ്വാസ നടപടികൾ കേന്ദ്രം സ്വീകരിച്ചതിനു ശേഷവും.

ഇതിന്റെ കാരണം കൃഷിക്കാരനെ കേന്ദ്രീകരിച്ച് രാജ്യത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന ഒരു കാർഷികനയം ഇന്നും നമുക്കില്ല എന്നതാണ്. അത്തരം ഒരു നയം രൂപീകരിക്കുന്നതിനു വേണ്ടി ഡോ. എം എസ് സ്വാമിനാഥന്റെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി വർഷങ്ങൾക്ക് മുമ്പ് അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു, ഒട്ടേറെ ശ്രദ്ധേയമായ നിർദ്ദേശങ്ങൾ സഹിതം. ആ റിപ്പോർട്ട് മന്ത്രാലയങ്ങളുടെ ഇരുണ്ട ഗോഡൗണുകളിൽ പൊടിയും മാറാലയും പിടിച്ച് വിസ്മൃതിയിലേക്ക് വഴുതി വീണു കൊണ്ടിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ രണ്ടു കാര്യങ്ങൾ ഇന്ത്യയിൽ നടന്നേപറ്റൂ. ഒന്ന്, ഭക്ഷ്യസുരക്ഷയെക്കുറിച്ച് പ്രസംഗങ്ങൾ പോര. ക്രിയാത്മകമായ നടപടികളിലൂടെ അതുറപ്പുവരുത്തണം. രണ്ട്, കാർഷിക മേഖലയെ ശക്തിപ്പെടുത്തേണ്ടത് ഈ പശ്ചാത്തലത്തിൽ അനുപേഷണീയമാണ്. ഇന്ത്യയ്ക്ക് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാർഷിക ശക്തിയാകാൻ എല്ലാ സാധ്യതകളുമുണ്ട്. അടുത്ത ഏതാനും ശതാബ്ദങ്ങൾക്കകം ലോകം വമ്പിച്ച ഭക്ഷ്യ കമ്മി നേരിടുമെന്നു പറയുന്നു, ശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും. ഈ

സാഹചര്യത്തിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഇന്ത്യൻ കാർഷിക മേഖലയ്ക്കുറപ്പു വരുത്തിയാൽ ഇന്ത്യ ലോകത്തെ വൻകിട ഭക്ഷ്യശക്തിയായിമാറും. അതിനു വേണ്ടത് സമയബന്ധിതമായി ഇന്ത്യയിലെ കൃഷിഭൂമിയിൽ ജലസേചനം ഉറപ്പാക്കുക, മികച്ച ഗോഡൗൺ സൗകര്യങ്ങളും രാജ്യവ്യാപകമായ കോൾഡ് ചെയിനും ഉറപ്പാക്കുക, കാർഷിക വിഭവങ്ങൾക്ക് മൂല്യവർധന വരുത്താനുള്ള വമ്പിച്ച സംരംഭങ്ങൾ ജന പങ്കാളിത്തത്തോടെ ഉറപ്പാക്കുക, മികച്ച വിത്ത് ആവശ്യമുള്ളത്രയും ഉറപ്പാക്കുക, ഭക്ഷ്യ ചുമതല ബഹുരാഷ്ട്ര കുത്തകകളെ ഏൽപിക്കാതിരിക്കുക. കീടനാശിനിയുടെയും രാസവളത്തിന്റെയും പേരിൽ കൃഷി വിഷമയ മാക്കാനനുവദിക്കാതിരിക്കുക, നമ്മുടെ തനതായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം വൻ തോതിൽ നമുക്കാവശ്യമായ ഗവേഷണങ്ങൾ നടത്തി കൃഷിയെ ആധുനിക വൽകരിക്കുക, പലിശരഹിതവായ്പ കൃഷിക്ക് ലഭ്യമാക്കുക, കർഷകന് പെൻഷൻ ഏർപ്പെടുത്തുക, ഭക്ഷ്യ സുരക്ഷയും ഭക്ഷ്യഗുണമേന്മയും ഉറപ്പാക്കുവാൻ മൃഗസംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രോത്സാസാഹിപ്പിക്കുക.

ഈവക പ്രശ്നങ്ങൾ കണക്കിലെടുത്ത് കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ പത്തു ലക്ഷം കോടി രൂപയുടെ ഒരു ബൃഹത്തായ കാർഷിക വികസന പദ്ധതി ഇന്ത്യയിൽ നടപ്പിലാക്കണം എന്നതാണ് അഖിലേന്ത്യ കിസാൻ സഭയുടെ ഡിസംബറിൽ നടക്കുന്ന ദേശീയ സമ്മേളനം ഔറംഗബാദിൽ ചർച്ച ചെയ്യുന്ന മുഖ്യ പ്രമേയം.

ഐക്യരാഷ്ട്രസഭയിൽ ലോകത്തെ വൻശക്തികളോടൊത്തു തോളുരുമ്മി ഇരിക്കാനുള്ള ഇന്ത്യയുടെ മോഹം നല്ലതാണ്. പക്ഷേ ഭക്ഷ്യസുരക്ഷ ഉറപ്പാക്കി ലോകത്തെ ഒരു പ്രധാന കാർഷികശക്തിയാകുന്ന ഇന്ത്യയ്ക്ക് അത്തരം ഒരിരുപ്പിൽ കൂടുതൽ മാന്യതയും അംഗീകാരവും ലഭിക്കും.